പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1766. 25-03-2013 -ൽ മറുപടിക്ക്.

## മദ്യവിമുക്ത കേരളം പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹിദ്:<br>" കെ. അച്ചുതൻ:<br>" ബെന്നി ബഹനാൻ:<br>" ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യവിമുക്ത കേരളം പരിപാടി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) മദ്യ/ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യത്തോടുകൂടി, ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) കേരളീയ സമൂഹത്തെ, മദ്യാസക്തിയിൽ നിന്നും, ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ നിന്നും പൂർണ്ണമായും പിൻതിരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യാണ് മദ്യ/ലഹരി വിമുക്ത കേരളം എന്ന പരിപാടി നടപ്പിലാക്കി വരുന്നത്. യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ നിന്നും പിൻതിരിപ്പിക്കുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. |
| (സി) സ്കൂൾ, കോളേജ് കാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും നയപരിപാടികളിലൂടെ കുടുംബങ്ങളെ ബോധവൽക്കരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) സ്കൂൾ, കോളേജ് കാമ്പസ്സുകളിൽ ശക്തമായ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളാണ് നടപ്പിലാക്കി വരുന്നത്. മദ്യാസക്തി ലഘൂകരിക്കുന്നതിനായി, ബോധവൽക്കരണ പരിപാടികൾക്കൊപ്പം, NSS, SPC പ്രോജക്ട്, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി വ്യാപകമായ ബോധവത്ക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ഡി) സന്നദ്ധ സംഘടനകൾ, സർക്കാർ മാദ്ധ്യമങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ? | (ഡി) മദ്യ/ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകൾ, സർക്കാർ മാദ്ധ്യമങ്ങൾ എന്നിവയുടെ സഹകരണം പ്രയോജനപ്പെടുത്തി വരുന്നു. |

സെക്ഷൻ ആഫീസർ